റ്റിയുടെ കാര്യത്തിൽ ഏറ്റവും മികച്ച നിലവാരം പുലർത്തിയിരുന്ന ഒരു സ്ഥാപനമാണ്. ഇവിടെ 377 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. കുറച്ചുകാല മായി ആ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളാകെ സ്തംഭിച്ചിരിക്കുകയാണ്. പുസ്തകം അച്ചടിക്കുന്നതിനുള്ള പേപ്പർ കൊടുക്കേണ്ടത് ഗവൺമെന്റിൽനി ന്നാണ്. പേപ്പർ കൃത്യസമയത്ത് കൊടുക്കാറില്ല. അതുപോലെതന്നെ ഇവിടെ യുള്ള മെഷിനറിയെല്ലാം 1976-ൽ സ്ഥാപിച്ചതാണ്. കാലാകാലങ്ങളിൽ മെഷി നറി റിപ്ലേസ്മെന്റ് നടക്കുന്നില്ല. അതിന്റെ മെയിന്റനൻസൊന്നും നടക്കുന്നി ല്ല. അങ്ങനെ പൊതുവെ ഈ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം അനിശ്ചി തത്വം നിലനിൽക്കുകയാണ്. ജീവനക്കാരുടെ കാര്യം പറഞ്ഞായി 1993-ൽ ഇട ക്കാലാശ്വാസമായി 350 രൂപ നൽകിയിട്ടുണ്ട്. അതിനുശേഷം കരാർ പുതു ക്കാൻ കഴിഞ്ഞിട്ടില്ല. ഏഴെട്ട് വർഷമായി ഇവിടത്തെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കാൻ കഴിഞ്ഞിട്ടില്ല. ഇതെ ല്ലാംകൂടി കണക്കിലെടുത്തുകൊണ്ട് ഈ സ്ഥാപനത്തെ വിദ്യാഭ്യാസവകുപ്പ് നേരിട്ട് ഏറ്റെടുക്കുകയോ, അല്ലെങ്കിൽ ഇത് ഗവൺമെന്റ് പ്രസ്സാക്കി മാറ്റു കയോ ചെയ്യണമെന്നുള്ള ആവശ്യം ശക്തമായി ഉയർന്നുവന്നിട്ടുണ്ട്. അതു മായി ബന്ധപ്പെട്ട ഫയലുകൾ എല്ലാം അങ്ങയുടെ കൈയിലോ അല്ലെങ്കിൽ ഇതിന്റെ നേരിട്ട് ചുമതലയുള്ള മന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണന്റെ കൈയിലോ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ കാര്യത്തിൽ അടിയ ന്തിരമായ ഒരു തീരുമാനമെടുത്ത് ഈ സ്ഥാപനത്തെ സംബന്ധിച്ചുള്ള അനി ശ്ചിതത്വം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയുടെ പ്രവർത്തന ങ്ങൾ കുറെക്കൂടി കാര്യക്ഷമമാക്കാനുള്ള ചർച്ചകൾ നടന്നിട്ടുണ്ട്. ഇത് മോഡേണൈസ് ചെയ്യണമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഇതിന് പരിഹാരമായി ഇത് ഒരു ഗവൺമെന്റ് പ്രസ്സ് ആക്കി മാറ്റുകയാണോ എന്നു ള്ളത് വളരെ പരിശോധിക്കേണ്ട കാര്യമാണ്. സൊസൈറ്റി രൂപീകരിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽനിന്നും നമ്മൾ പിന്നോട്ടു പോകുകയായിരിക്കുമെന്നുള്ള അഭിപ്രായവും ഉയർന്നുവരുന്നുണ്ട്. എല്ലാ കാര്യങ്ങളും ഒന്നുകൂടി സമഗ്രമായി പരിശോധിച്ച് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(9) ഗവൺമെന്റ്-സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, സംസ്ഥാനത്തിലെ എയ്ഡഡ് വിദ്യാ ഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ചും സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും നടത്തുന്നതുമായ ആയിരത്തോളം വരുന്ന ഹോസ്റ്റലുകളിലെ പതിനയ്യായിര ത്തിൽപ്പരം ഹോസ്റ്റൽ തൊഴിലാളികൾക്ക് ഗവൺമെന്റ് അംഗീകാരമോ ആനു കൂല്യങ്ങളോ ഒന്നും ഇന്ന് ലഭിക്കുന്നില്ല. ഇവരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ട് 13 വർഷത്തിലേറെയായി. ഹോസ്റ്റലുകൾ ഷോപ്സ് ആന്റ് കമേ ഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റായിട്ടാണ് കണക്കാക്കപ്പെട്ടുവരുന്നതെന്നതിനാൽ തൊഴിൽ നിയമങ്ങളനുസരിച്ച് ഹോസ്റ്റൽ തൊഴിലാളികൾക്ക് വീക്കിലി ഓഫ്, കാഷ്വൽ ലീവ്, പ്രിവിലേജ് ലീവ്, മെഡിക്കൽ ലീവ്, നാഷണൽ ഹോളിഡേ, ഫെസ്റ്റിവൽ ലീവ് എന്നിവയ്ക്ക് അർഹതയുണ്ട്. വനിതാ ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയ ആറ് ആഴ്ചക്കാലത്തെ പ്രസവാവധിയ്ക്കും ബത്തയ്ക്കും അർഹതയുണ്ട്. മിനിമം ബോണസ്, ഗ്രാറ്റുവിറ്റി, ഇ.എസ്.ഐ.

LIBRARY ARCHIVES Kerala Legislative Assembly

അഥവാ മെഡിക്കൽ അലവൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, 8 മണിക്കൂറിലധികം ചെയ്യുന്ന ജോലിക്ക് അധികവേതനം തുടങ്ങിയവയ്ക്കും അർഹതയുണ്ട്. തൊഴിൽ നിയമമനുസരിച്ച് ഓരോ ഹോസ്റ്റലും തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്യുകയും വർഷംതോറും പുതുക്കുകയും വേണം. മസ്റ്റർ ലീവ് രജിസ്റ്റർ, നാഷണൽ ഫെസ്റ്റിവെൽ ആന്റ് ഹോളിഡേസ് രജിസ്റ്റർ, അഡ്വിറ്റൻസ് രജിസ്റ്റർ തുടങ്ങിയവ ഓരോ ഹോസ്റ്റലിലും തയ്യാറാക്കി സൂക്ഷിക്കുകയും വേണം. തൊഴിൽ ഉദ്യോഗസ്ഥരുടെ പരിശോധനക്ക് ഇവ ഹാജരാക്കണം. അതു പോലെ വേജ് സ്ലിപ് നൽകണം. ഇരുപതിലധികം തൊഴിലാളികളുള്ള സ്ഥാപനത്തിലാണെങ്കിൽ പി.എഫ്.സ്കീം നടപ്പിലാക്കുകയും വേണം. എന്നാൽ ഇതൊന്നും ഒരൊറ്റ ഹോസ്റ്റലിലും നടപ്പിലാക്കുന്നില്ല. ആയത് നടപ്പിലാക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുന്നതിനും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഗവൺമെന്റ് കോളേജ് ഹോസ്റ്റലുകളിലെ നിലവിലുള്ള എല്ലാ ജീവനക്കാരും സർക്കാർ ജീവനക്കാരാണ്. സർക്കാർ നിരക്കിലുള്ള വേതനവും മറ്റെല്ലാ ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നുണ്ട്. സ്വകാര്യ കോളേജ് ഹോസ്റ്റൽ തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകളെക്കുറിച്ച് ഇപ്പോൾ കൃത്യമായിട്ടുള്ള വ്യവസ്ഥകൾ ലഭ്യമല്ല. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലെ തൊഴിലാളികളെ നിയമിക്കുന്നതും വേതനം നൽകുന്നതും ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളാണ്. മെസ് അക്കൗണ്ടിൽ നിന്നാണ് വേതനം നൽകുന്നത്. എന്നാൽ 6-8-82-ൽ മേൽപ്പടി ജീവനക്കാർക്കും മിനിമം വേതനപ്രകാരം വേതനം ശുപാർശ ചെയ്യുന്നതിന് സർക്കാർ ഒരു മിനിമം വേതന കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കമ്മിറ്റിയുടെ ശുപാർശ സ്വീകരിച്ച് അവർക്ക് മിനിമം വേതനം ക്ലിപ്തപ്പെടുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മെസ് ബോയ്സിനും ഗേൾസിനും കാലാനുസൃതമായി മിനിമം വേതനം ക്രമപ്രകാരം നൽകാൻ ഔദ്യോഗിക നിർദ്ദേശം ഇപ്പോൾ നൽകിയിട്ടുണ്ട്. മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിനും മറ്റും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

(10) പന്തളം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിലെ വിവിധ പ്രശ്നങ്ങൾ

ശ്രീ. പി.കെ. കുമാരൻ : സർ, പന്തളത്തെ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ ദുഃസ്ഥിതികൾ പരിഹരിക്കുന്നതിനുള്ള നടപടികളുണ്ടാകണമെന്നാണ് ഞാൻ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയോട് ആദ്യമായി അപേക്ഷിക്കുന്നത്. 1983-ൽ അന്നത്തെ അവിടത്തെ പഞ്ചായത്ത് കമ്മിറ്റി മൂന്ന് ഏക്കറിൽപ്പരം സ്ഥലം വാങ്ങി അതിലാവശ്യമായ കെട്ടിടങ്ങളും നിർമ്മിച്ചുകൊടുത്താണ് അവിടെ സബ് ഡിപ്പോ അനുവദിച്ച് അതിന്റെ പ്രവർത്തനമാരംഭിച്ചത്. അന്ന് അത് ആരംഭിക്കുമ്പോൾ അവിടെ 17 ഷെഡ്യൂളുകളുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് തൊട്ട് മുൻപ് അത് വെറും ഏഴോ എട്ടോ ഷെഡ്യൂളുകളായി ചുരുങ്ങി. എന്നു പറഞ്ഞാൽ ആ കാലഘട്ടത്തിൽ മാറിമാറി വന്ന ഗവൺമെന്റുകൾ അത് സംരക്ഷിക്കുന്നതിനു പകരം അതിനെ തരംതാഴ്ത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഇപ്പോൾ നാലഞ്ച്

LIBRARY ARCHIVES Kerala Legislative Assembly